# ബിൽ മടക്കിയ നടപടി നിയമവിരുദ്ധം

## എൻ.കെ. പ്രേമചന്ദ്രൻ

**ഫെഡറൽ** ജനാധിപത്യ ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ് പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ മടക്കിയതിലൂടെ കേന്ദ്ര സർക്കാർ നടത്തിയിരിക്കുന്നത്. സംസ്ഥാന നിയമസഭയുടെ പരമാധികാരത്തെ ചോദ്യംചെയ്യുന്ന നടപടിയാണിത്. നേരത്തെ നിയമസഭ ഇക്കാര്യത്തിൽ പ്രമേയം പാസാക്കിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംയുക്തമായി കേന്ദ്ര സർക്കാറിനെ കണ്ട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

പല തരത്തിലുള്ള രാഷ്ട്രീയ ഇടപെടലുകൾ നടത്തിയിട്ടും കൊക്കക്കോള എന്ന കോർപ്പറേറ്റ് കമ്പനിയുടെ താത്പര്യം സംരക്ഷിക്കുക എന്നത് മാത്രമാണ്കേന്ദ്ര സർക്കാറിന്റെ പരിഗണന. അതുകൊണ്ടുതന്നെ നിയമവശങ്ങളോ, ചട്ടങ്ങളോ ഒന്നും പരിശോധിക്കാതെയാണ് കേന്ദ്ര സർക്കാറിന്റെ നിർദേശാനുസരണം രാഷ്ട്രപതി ബിൽ മടക്കി അയച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ പരിമിതമായ അധികാരങ്ങൾ മാത്രമാണുള്ളത്. അല്ലെങ്കിൽ മറ്റേതെങ്കിലും സംവിധാനത്തെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിക്കണം. രണ്ട് നിർദേശങ്ങളാണ് അന്ന് ഉണ്ടായിരുന്നത്, ഒരു ബില്ലുണ്ടാക്കി ട്രൈബ്യൂണൽ രൂപീകരിക്കുക, അല്ലെങ്കിൽ ഒരു പരിസ്ഥിതി അതോറിറ്റി രൂപീകരിക്കുക. പരിസ്ഥിതി അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ നിയമവശങ്ങൾ പരിശോധിച്ച് അനന്തര നടപടികൾ സർക്കാർ ആലോചിക്കേണ്ടതുണ്ട്. എന്നാൽപ്പോലും അതിനും കേന്ദ്ര സർക്കാരിന്റെ അനുമതിവേണ്ടി വരും. സാങ്കേതിക പ്രശ്നം പറഞ്ഞ് കേന്ദ്രത്തിന് അതും തടസ്സപ്പെടുത്താം. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ നിലവിലുള്ളതുകൊണ്ടാണല്ലോ പ്ലാച്ചിമട പ്രശ്നവും ഗ്രീൻ ട്രിബ്യൂണലിന് വിടണമെന്ന് കേന്ദ്രം നിർദ്ദേശിച്ചത്. അവർക്ക് അതേ അഭിപ്രായം തന്നെ പരിസ്ഥിതി അതോറിറ്റിയുടെ കാര്യത്തിലും ആവർത്തിക്കാം. കേന്ദ്ര സർക്കാർ തലത്തിലാണ് അതോറിറ്റി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ നടക്കുന്നത് എന്നതിനാൽ കൊക്കക്കോള വീണ്ടും സ്വാധീനം ചെലുത്താനുള്ള സാധ്യത കൂടുതലാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുള്ള യുക്തിപൂർണ്ണമായ ഇടപെടലാണ് ഉടൻ നടത്തേണ്ടത്. ■